**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428** **27-02-2023 - ൽ മറുപടിയ്ക്ക്**

**മാക്കേകടവ് -നേരെകടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ നിയോജക മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട മാക്കേകടവ് -നേരെകടവ് പാലം നിർമ്മാണത്തിന്റെ റേറ്റ് റിവിഷൻ ആവശ്യപ്പെട്ട് കരാറുകാരൻ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ എന്നാണ് ധനകാര്യവകുപ്പിൽ എത്തിയതെന്നും ഫയൽ ഏതൊക്കെ സെക്ഷനിൽ പോയെന്നും ആരൊക്കെ ഫയൽ പരിശോധിച്ചെന്നും വിശദമാക്കാമോ; | (എ) | **അരൂർ നിയോജക മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട മാക്കേകടവ് -നേരെകടവ് പാലം നിർമ്മാണത്തിന്റെ റേറ്റ് റിവിഷൻ ആവശ്യപ്പെട്ട് കരാറുകാരൻ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ 2022 ആഗസ്റ്റ് മാസം 29 ാം തീയതിയിലാണ് ധനകാര്യ വകുപ്പിൽ ലഭ്യമായത്. ആയത് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും quoted rate of contractor, part of the work already executed, part of the work to be executed, estimate amount of the balance work എന്നിവ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 10/11/2022 ന് ഭരണ വകുപ്പ് ഫയൽ മടക്കി നൽകുകയും ആയത് വ്യക്തമാക്കി ഫയൽ പുനർസമർപ്പിക്കുകയും ചെയ്തിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും ഇതൊരു ഡിസൈൻ ടെണ്ടറിലുള്ള വർക്കായതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം പ്രകാരം DSR 2018 പ്രകാരമുള്ള ബാലൻസ് വർക്കുകളുടെ മൂല്യവും LMR ഉം കരാറുകാരന്റെ അംഗീകൃത ഡിസൈൻ പ്രകാരമുള്ള അളവുകളെ (quantities as per approved design of the contractor) അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഫയൽ പുനർസമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഭരണ വകുപ്പ് ഫയൽ 03/02/2023-നു മടക്കി നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ ചീഫ് ടെക്നിക്കൽ എക്സാമിനർ കൂടാതെ ധനകാര്യ വകുപ്പിൽ സെക്ഷൻ, അണ്ടർസെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി എന്നിവർ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ | (ബി) | **ഇതൊരു ഡിസൈൻ ടെണ്ടറിലുള്ള** |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | **വർക്കായതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം പ്രകാരം DSR 2018 പ്രകാരമുള്ള ബാലൻസ് വർക്കുകളുടെ മൂല്യവും LMR ഉം കരാറുകാരന്റെ അംഗീകൃത ഡിസൈൻ പ്രകാരമുള്ള അളവുകളെ (quantities as per approved design of the contractor) അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഫയൽ പുനർസമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഭരണ വകുപ്പ് ഫയൽ മടക്കി നൽകിയിട്ടുണ്ട്** |
| (സി) | രണ്ട് വർഷമായി മുടങ്ങികിടക്കുന്ന നിർമ്മാണം വേഗത്തിലാക്കുന്നതിനായി റേറ്റ് റിവിഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | **ഇതൊരു ഡിസൈൻ ടെണ്ടറിലുള്ള വർക്കായതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ച പ്രകാരം DSR 2018 പ്രകാരമുള്ള ബാലൻസ് വർക്കുകളുടെ മൂല്യവും LMR ഉം കരാറുകാരന്റെ അംഗീകൃത ഡിസൈൻ പ്രകാരമുള്ള അളവുകളെ (quantities as per approved design of the contractor) അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് റേറ്റ് റിവിഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ